# 1

# ദൈവരാജ്യം

*“അവൻ നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നു വിടുവിച്ചു തന്റെ പുത്രന്റെ രാജ്യത്തിലാക്കി വെച്ചിരിക്കുന്നു” (കൊലൊസ്യർ 1:13).*

ആരോ പറഞ്ഞിട്ടുണ്ട്, “ആനയ്ക്കു നീന്തുവാൻ മതിയായ വെള്ളം സമുദ്രത്തിലുണ്ട്, എന്നാൽ അതിന്റെ തീരം ഒരു കുട്ടിക്കു വെയിഡു ചെയ്യാൻ മതിയായതാണ്.” തീർച്ചയായും, സമുദ്രത്തിനു ധാരാളം വ്യത്യസ്ത ഭാവങ്ങൾ ഉണ്ട്. അതിന്റെ ആഴവും പരപ്പും അപാരമാണ്.

അതുപോലെ, പുതിയ നിയമസഭയ്ക്കും അസംഖ്യം ഘടകങ്ങൾ ഉണ്ട്. നാം അതിന്റെ യോജിച്ച പ്രവർത്തനങ്ങളെയും ക്രിസ്തുവിനോടുള്ള അതിന്റെ ഐക്യതയെയും നോക്കുമ്പോൾ, ഭൂമിയിലെ ദൈവരാജ്യമായി, നാം അതിനെ കാണുന്നു (റോമർ 12:5). ഊഷ്മളമായ, സഹായവും സൗഹൃദബന്ധവും അവന്റെ സഭയിൽ നമുക്ക് ലഭിക്കുമ്പോൾ, അത് ദൈവഭവനമായി നാം കാണുന്നു (എഫെസ്യർ 2:19). ദൈവത്തിന്റെ ഭരണവും വാഴ്ചയുമായുള്ള ബന്ധത്തിൽ ചിന്തിക്കുമ്പോൾ, അത് ഭൂമിയിലെ ദൈവരാജ്യമാണ് (മത്തായി 16:16–18).

പരസ്പരം വിയോജിക്കാതെ ഈ വ്യത്യസ്ത വിവരണങ്ങൾ ഒരുമിച്ചു ചേർന്നു പ്രവർത്തിക്കുന്ന ദൈവിക സ്ഥാപനത്തെയാണ് നാം (തർജ്ജിമയാൽ) സഭ എന്നു വിളിക്കുന്നത്. ക്രൂശിൽ കൂടെ ക്രിസ്തു നൽകിയ വിവിധ വിശുദ്ധ ഭാവങ്ങൾ പുതിയനിയമസഭയുടെ മഹത്വത്തെ വെളിവാക്കുന്നു.

ചോദ്യം ചെയ്യപ്പെടാത്ത വിധം, സഭയെ പരിശുദ്ധാത്മാവു രാജ്യമെന്നു നാം തിരിച്ചറിയുവാൻ ആഗ്രഹിക്കുന്നു. ക്രിസ്തുവിലേക്കു പരിവർത്തനം ചെയ്യുന്നതു ഇരുട്ടിൽ നിന്നു ക്രിസ്തുവിന്റെ രാജ്യത്തിലേക്കു മാറുന്നതാണെന്നു അപ്പൊസ്തലനായ പൗലൊസ് പറഞ്ഞിരിക്കുന്നു: “നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നു വിടുവിച്ചു, തന്റെ പ്രിയപുത്രന്റെ രാജ്യത്തിലാക്കി വെച്ചിരിക്കുന്നു” (കൊലൊസ്യർ 1:13). പുതിയ നിയമത്തിൽ പരിവർത്തനം ചെയ്യുന്നതു ക്രിസ്തുവിനോടു ചേരുവാനാണെന്നു പറഞ്ഞിരിക്കയാൽ (ഉദാ, റോമർ 6:3; ഗലാത്യർ 3:27) ക്രിസ്തുവിന്റെ ശരീരം സഭയാകയാൽ (എഫെസ്യർ 1:21–23), ക്രിസ്തു

വിന്റെ ശരീരം, സഭ, ക്രിസ്തുവിന്റെ രാജ്യം (ദൈവരാജ്യം) എന്നീ സ്ഥാപനം ഒരേ ആത്മീയസ്ഥാപനമാക്കി കാണുവാൻ പരിശുദ്ധാത്മാവു ആഗ്രഹിക്കുന്നു.

ബൈബിളിൽ ചുരുങ്ങിയതു ആറുസന്ദർഭങ്ങളിൽ "രാജ്യം" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു. (1) ഭൗമികമായ ഗവൺമെന്റ് ഭരണത്തെ സൂചിപ്പിച്ചു പറഞ്ഞിരിക്കുന്നു (മത്തായി 4:8). (2) "ദൈവത്തിന്റെ വാഴ്ച" എന്ന ആശയം ബോധ്യമാക്കുവാൻ പഴയനിയമത്തിലും പുതിയ നിയമത്തിലും ഉപയോഗിച്ചിട്ടുണ്ട്. ദൈവം ഇസ്രായേലിനെ തന്റെ തിരഞ്ഞെടുത്ത ജനമാക്കിയപ്പോൾ, താൻ അതിനെ രാജ്യമെന്ന് അറിയിച്ചിരുന്നു (പുറപ്പാട് 19:5, 6). (3) അതു ദൈവത്തിന്റെ അധികാരം അല്ലെങ്കിൽ ശക്തിയായി പറഞ്ഞിരിക്കുന്നു (മത്തായി 12:28). ദൈവേഷ്ടം അനുസരിക്കുന്ന സ്ഥലത്തെല്ലാം ദൈവത്തിന്റെ വാഴ്ച്ച അല്ലെങ്കിൽ രാജ്യം ഉണ്ട്. (4) അതു ദൈവത്തിന്റെ സ്വർഗ്ഗീയ വാഴ്ച്ചയെ സൂചിപ്പിക്കുന്നു. ക്രിസ്തീയ സ്വഭാവഗുണങ്ങളിൽ വളരുവാൻ സൂചിപ്പിച്ചു പത്രൊസ് പറഞ്ഞു: "ക്രിസ്തുവിന്റെ നിത്യരാജ്യത്തിലേക്കു പ്രവേശിക്കും" (2 പത്രൊസ് 1:11). (5) അതിനെ സഭയായി ഉപയോഗിച്ചിരിക്കുന്നു. ദൈവത്തിന്റെ സ്വർഗ്ഗീയ രാജ്യം ഭൂമിയിൽ പ്രദർശിപ്പിച്ചിരിക്കുന്നതാണ് സഭ. അതുകൊണ്ടു, അതിനെ സ്വർഗ്ഗരാജ്യം എന്നു വിളിച്ചിരിക്കുന്നു (മത്തായി 16:18, 19), ദൈവരാജ്യം (യോഹന്നാൻ 3:5), അവന്റെ പ്രിയപുത്രന്റെ രാജ്യം (കൊലൊസ്യർ 1:13). (6) സാത്താന്റെ അധികാരത്തെയാണ് ആ വാക്ക് സൂചിപ്പിക്കുന്നത്. അവന്റെ വാഴ്ച്ചയെയും അധികാരത്തെയും സൂചിപ്പിക്കുന്നതിനു "സാത്താന്റെ രാജ്യം എന്നു വിളിച്ചിട്ടുണ്ട്" (മത്തായി 12:26).

സഭയെ ദൈവരാജ്യമെന്നും സ്വർഗ്ഗരാജ്യമെന്നും പ്രയോഗിച്ചിരിക്കുന്നതു പ്രോത്സാഹന പ്രകാരമാണ്, പ്രത്യേകിച്ചു കർത്താവിന്റെ ഭൗമിക സ്ഥാപനമായ രാജ്യമാണ് സഭയുടെ സ്വഭാവങ്ങൾ.

### ഒരു ആത്മീയ രാജ്യം

സഭയുടെ, രാജ്യത്തിന്റെ അടിസ്ഥാന സ്വഭാവം, ഭൗതികമോ, ലൗകികമോ അല്ല, ആത്മീയമാണ്. "നീ യെഹൂദന്മാരുടെ രാജാവോ?" എന്നു പിലാത്തൊസ് യേശുവിനോടു ചോദിച്ചപ്പോൾ (യോഹന്നാൻ 18:33), യേശു അതിന് പ്രതികരണമായി പറഞ്ഞു, "എന്റെ രാജ്യം ഐഹികമല്ല, എന്റെ രാജ്യം ഐഹികമായിരുന്നു എങ്കിൽ എന്നെ യെഹൂദന്മാരുടെ കയ്യിൽ ഏൽപ്പിക്കാതവണ്ണം എന്റെ ചേവകർ പോരാടുമായിരുന്നു; എന്നാൽ എന്റെ രാജ്യം ഐഹികമല്ല എന്നുത്തരം പറഞ്ഞു" (യോഹന്നാൻ 18:36).

രാജ്യത്തിന്റെ അടിസ്ഥാന സ്വഭാവം, സഭയെ സംബന്ധിച്ച ശക്തമായ സത്യത്തെ ബോധ്യപ്പെടുത്തുന്നു. ആദ്യമായി, സഭയുടെ കേന്ദ്രം ഭൂമിയിലല്ല, സ്വർഗ്ഗത്തിലാണ്. നമ്മുടെ പരമോന്നതരാജാവായ ക്രിസ്തു, സ്വർഗ്ഗത്തിൽ പിതാവിന്റെ വലതുഭാഗത്തിരിക്കുന്നു (പ്രവൃത്തികൾ 2:33). അവൻ തന്റെ ഭൂമിയിലെ സഭയായ, രാജ്യത്തെ കാലാവസാനത്തോളം വാഴും, പിന്നെ അവൻ ദൈവരാജ്യം പിതാവിനു ഏല്പിച്ചു

കൊടുക്കും (1 കൊരിന്ത്യർ 15:24). അങ്ങനെ, യേശുവിന്റെ കർത്തൃത്വത്തിനു കീഴ്പ്പെട്ടു ദൈവ ഭരണത്തിലേക്കു പ്രവേശിച്ചവരാണ് ക്രിസ്ത്യാനികൾ (ഫിലിപ്പിയർ 2:9–11).

രണ്ടാമതു, ക്രിസ്ത്യാനികൾ' ജീവിക്കുന്നതും, പ്രവർത്തിക്കുന്നതും, ആരാധിക്കുന്നതും ഭൗതികമായിട്ടല്ല, ആത്മികമായിട്ടാണ് (എഫെസ്യർ 6:12), ദൈവത്തിനു യാഗം അർപ്പിക്കുന്നതു ആത്മീയമായിട്ടാണ് (1 പത്രൊസ് 2:5), ആത്മീയ ആഹാരത്തിൻമേൽ ജീവിക്കുകയും (എബ്രായർ 5:12–14), സ്വർഗ്ഗീയ പൗരന്മാരായി ലോകത്തിൽ ജീവിക്കുകയും ചെയ്യുന്നു (ഫിലിപ്പിയർ 3:20; 1 പത്രൊസ് 2:11).

മൂന്നാമതായി, ഈ ആത്മീയ രാജ്യത്തിലെ അംഗങ്ങളായി, ഈ ലോകത്തിലെ യാഥാർത്ഥ്യങ്ങളുമായുള്ള നമ്മുടെ ബന്ധം ദൈവരാജ്യത്തിലെ നമ്മുടെ ആത്മീയ പൗരത്വം ആസ്പദമായിട്ടുള്ളതാണ്. നാം നിത്യതയുടെ കണ്ണാടിയിൽ കൂടെ വീക്ഷിക്കുമ്പോൾ ഈ ജീവിതത്തിന്റെ വിലയില്ലായ്മ ബോധ്യമാകും.

ഒരു ക്രിസ്ത്യാനിയും പിശാചും തമ്മിൽ സംഭാഷണം നടത്തുന്നതു ആരോ സങ്കല്പിച്ചു പറയുകയുണ്ടായി. പിശാചു പറയുന്നു, "ക്രിസ്ത്യാനിയേ ഞാൻ നിനക്കു എല്ലാം തരാം, ഞാൻ നിനക്കു വീടും, ഭൂമിയും, പണവും തരാം." മിസ്റ്റർ ക്രിസ്ത്യാനി അതിനു പ്രതികരണമായി പറയുന്നു, "എനിക്ക് എല്ലാമുണ്ട്, ലോകവും ലോകത്തിലുള്ളതെല്ലാം എന്റെ പിതാവിനുള്ളതാണ്. എനിക്ക് എല്ലാം ഉള്ളതുകൊണ്ട്, നിനക്കു ഒന്നും തരുവാൻ സാധ്യമല്ല." പിശാചു വീണ്ടും മറ്റൊരുപ്രാവശ്യം പരിശ്രമിക്കുന്നു: "ഞാൻ നിന്നെ കൊല്ലും; ഞാൻ നിന്റെ പ്രാണനെ എടുക്കും." മിസ്റ്റർ ക്രിസ്ത്യൻ പറയുന്നു, "എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു." അവസാനമായി പിശാച് ഒരു ശ്രമവും കൂടി നടത്തി: "ഞാൻ നിന്റെ ജീവിതം കഷ്ടത്തിലാക്കും. പാപികൾ സുഖിക്കുന്ന എല്ലാറ്റിലേക്കും നീ നോക്കും. നീ അതൃപ്തനായി ജീവിക്കും." മിസ്റ്റർ ക്രിസ്ത്യൻ പറയുന്നു, "യേശുവിന്റെ ഇഷ്ടം ചെയ്യുന്നതാണ് എന്റെ ഏറ്റവും വലിയ സന്തോഷം." ദൈവത്തിന്റെ ആത്മീയ രാജ്യത്തിലെ അംഗമായതുകൊണ്ടു ഈ ലോകവും അതിലെ പരീക്ഷണങ്ങളും വ്യത്യസ്ത രീതിയിലാണ് നാം കാണുന്നത്. അതു നമ്മെ യോഹന്നാനോടു കൂടെ ഇങ്ങനെ പറയുമാറാക്കുന്നു. "ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകും; എന്നാൽ ദൈവേഷ്ടം ചെയ്യുന്നവൻ എന്നേക്കും ജീവിക്കും" (1 യോഹന്നാൻ 2:17).

ലൗകികരായ ആളുകൾ കാണുന്നതു പോലെയല്ല, ലോകത്തെ സ്വർഗ്ഗരാജ്യത്തിലെ പൗരൻമാർ കാണുന്നത്. ലോകത്തിലുള്ളവർ മാത്രമായി ജീവിക്കുന്നവർ അവരുടെ സമ്പാദ്യങ്ങളെക്കുറിച്ചു വ്യാകുലരാണ്, അവരുടെ വർത്തമാനവും, ഭൂതവും, ഭാവിയുമെല്ലാം അത്തരം കാര്യങ്ങളാണ്. ക്രിസ്ത്യാനികൾ *ലോകത്തിലാണ് ജീവിക്കുന്നത്,* എന്നാൽ നാം *അതിനുള്ളവരല്ല.* നാം ഭൗതിക രാജ്യത്തിനുള്ളവരല്ല, ആത്മീയ രാജ്യത്തിനുള്ളവരാണ്. നമ്മുടെ ധ്യാനം ഭൗതികമല്ല, ആത്മീയമാണ്. നാം രോഗിയെ സന്ദർശിക്കുകയും, വിശപ്പുള്ളവർക്ക് ആഹാരം

കൊടുക്കുകയും, ലോകത്തിൽ ജീവിക്കുവാൻ നല്ല സ്ഥലം ഒരുക്കുവാൻ പ്രവർത്തിക്കുകയും ചെയ്യുമ്പോൾ, നമ്മുടെ ഹൃദയങ്ങൾ' എപ്പോഴും വിചാരിക്കുന്നത് നിത്യമായവയെക്കുറിച്ചാണ്. നാം കണ്ടുമുട്ടുന്ന ഓരോ വ്യക്തിയുടേയും ആത്മീയതയാണ് നമ്മുടെ മുഖ്യ താല്പര്യം. ലൗകിക ഉന്നമല്ല, നമ്മുടേതു ആത്മീയ ലക്ഷ്യമാണ്. ലൗകിക മനുഷ്യർ പുതിയ കോട്ടു വില്ക്കുമ്പോൾ ക്രിസ്ത്യാനികൾ പുതിയ ആത്മാക്കളെ നേടുന്നു.

### നീതിയുടെ ഒരു രാജ്യം

രണ്ടാമതു, സഭ നീതിയുള്ള രാജ്യമാണ്. സ്വർഗ്ഗരാജ്യത്തിലെ പൗരൻമാർ നയിക്കുന്ന ജീവിതം രാജ്യത്തിലേക്കു പ്രവേശിക്കുന്നതിനു മുൻപു ജീവിച്ചിരുന്നതുപോലെയല്ല. ഈ രാജ്യത്തിലെ മക്കൾ വെളിച്ചത്തിന്റെ മക്കളാണെന്നു പൗലൊസ് പറഞ്ഞിരിക്കുന്നു: ''മുമ്പെ നിങ്ങൾ ഇരുളായിരുന്നു; ഇപ്പോഴോ കർത്താവിൽ വെളിച്ചം ആകുന്നു, കർത്താവിനു പ്രസാദമുള്ളതു എന്തെന്നു പരിശോധിച്ചു കൊണ്ടു വെളിച്ചത്തിലുള്ളവരായി നടന്നു കൊൾവിൻ (സകല സൽ ഗുണവും നീതിയും സത്യവുമല്ലൊ വെളിച്ചത്തിന്റെ ഫലം)" (എഫെസ്യർ 5:8–10). പിന്നെയും അവൻ പറഞ്ഞു, "ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിൻ സന്തോഷവും അത്രേ" (റോമർ 14:17).

രണ്ടു വിധത്തിലുള്ള നീതിയെക്കുറിച്ചു പുതിയനിയമം പറയുന്നുണ്ട്. ഒന്നു, ദൈവശ്വാസിയ എഴുത്തുകാർ പലപ്പോഴും പറഞ്ഞിട്ടുള്ള *വിപുലീകരിക്കപ്പെട്ട നീതിയാണ്,* നാം ക്രിസ്ത്യാനികൾ ആയിത്തീരുമ്പോൾ, ദൈവ സന്നിധിയിൽ നാം നീതീകരിക്കുമ്പോൾ തരുന്നതായ നീതി. ക്രിസ്തുവിനോടു ചേരുവാൻ നാം പരിവർത്തനം ചെയ്യുമ്പോൾ നാം "ക്രിസ്തു യേശു മുഖാന്തരം നമ്മെ നീതീകരിച്ചു ദാനമായി നമ്മെ വീണ്ടെടുക്കുന്നു" (റോമർ 3:24).

*പ്രദർശിപ്പിച്ച ഒരു നീതിയേയും* പുതിയ നിയമം വ്യക്തമാക്കുന്നുണ്ട്. ക്രിസ്ത്യാനികൾ സ്വഭാവത്തിൽ നടന്നു നീതി പ്രകടമാക്കണം. യോഹന്നാൻ എഴുതി, "... അവൻ നീതിമാൻ ആകുന്നതുപോലെ, നീതി ചെയ്യുന്നവൻ ... നീതിമാൻ ആകുന്നു" (1 യോഹന്നാൻ 3:7). പാപത്തിൽ "ജീവിക്കുകയോ" "നടത്തുകയോ" ചെയ്യുന്നതു ക്രിസ്ത്യാനികൾക്കു ചിന്തിക്കാവുന്നതല്ല, യോഹന്നാൻ പറഞ്ഞു, "പാപം ചെയ്യുന്നവൻ പിശാചിന്റെ മകൻ ആകുന്നു; ... ദൈവത്തിൽ നിന്നു ജനിച്ചവൻ ആരും പാപം ചെയ്യുന്നില്ല, ...'' (1 യോഹന്നാൻ 3:8, 9). അതുകൊണ്ടു, ദൈവരാജ്യം നീതിയുടെ രാജ്യമാണ്. അതിൽ പ്രവേശിക്കുന്നവരിലേക്കു വിപുലമാക്കി കൊടുക്കുന്ന നീതിയും; അതിലെ വാസ്തവത്തിലുള്ള പൗരൻമാരായി ജീവിക്കുന്നവരിൽ പ്രകടമാക്കുന്ന രീതി.

ജീവിതത്തിൽ, ദൈവത്തിന്റെ ഭരണവും വാഴ്ച്ചയും ഹൃദയങ്ങളിൽ നീതിപൂർവ്വമായിരിക്കും. അമേരിക്കയിൽ 1930 കളിൽ വലിയൊരു തകർച്ച നേരിട്ട സമയത്തു ജീവിച്ച ഒരു മനുഷ്യന്റെ കഥ കേട്ടിട്ടുണ്ട്.

അദ്ദേഹം സഭയിലെ അംഗമായിരുന്നു, അദ്ദേഹത്തെ ആ നിരാശ ഒന്നു കൊണ്ടും ബാധിച്ചിരുന്നില്ല. മറ്റുളളവർ ദാരിദ്ര്യത്താൽ കഷ്ടം അനുഭവിച്ചപ്പോൾ, അദ്ദേഹം ധനമുള്ളവനായി, ആശ്വാസം കൊണ്ടു. ഞായറാഴ്ച്ച പ്രഭാതത്തിൽ, എങ്ങനെയാണ് ധർമ്മശേഖര പാത്രം അയാളുടെ അടുത്തു വരുമ്പോൾ അയാൾ ഒരു ഡിം മാത്രം ഇടും. അന്നാളിൽ കർത്താവിന്റെ വേല ലോകത്തിൽ സുഗമമായി നടക്കുവാൻ പണം ആവശ്യമായിരുന്നു; പക്ഷെ അയാൾ ഒരു ഡിം മാത്രമേ ഇട്ടിരുന്നുളളു. സ്പഷ്ടമായും അദ്ദേഹം ദൈവരാജ്യത്തിലായിരുന്നു, എന്നാൽ രാജ്യം അദ്ദേഹത്തിൽ ഇല്ലായിരുന്നു.

നമ്മുടെ ഹൃദയങ്ങളിൽ ദൈവം ഭരിക്കുകയും വാഴുകയും ചെയ്യുമ്പോൾ, നാം വാസ്തവമായും ദൈവരാജ്യത്തിലെ വാസ്തവത്തിലുളള പൗരൻമാർ ആകുന്നു. ദൈവ രാജ്യം നീതിയുടെ രാജ്യമാകുന്നു. ഈ രാജ്യത്തിലെ പൗരൻമാർ എന്നാൽ ദൈവത്തിന്റെ പരമാധികാരത്തെ അംഗീകരിക്കുകയും നമ്മുടെ ദൈനന്തിന ജീവിതത്തിൽ നാം അവന്റെ ഇഷ്ടത്തിനു കീഴ്പ്പെടുകയും ചെയ്യുന്നതാണ്.

### ഒരു നിത്യ രാജ്യം

മൂന്നാമതു, സഭ ഭൂമിയിലെ ദൈവത്തിന്റെ നിത്യരാജ്യമാണ്. അതു താല്ക്കാലികമോ, ഇല്ലാതാകുന്നതോ അല്ല; അതു സ്ഥിരവും, ഇളകാത്തതും, നിത്യവുമാണ്.

ഒരിക്കലും നശിക്കാത്ത ഒരു രാജ്യം സ്വർഗ്ഗത്തിലെ ദൈവം സ്ഥാപിക്കും എന്നു ദാനിയേൽ പ്രവചിച്ചു (ദാനിയേൽ 2:44). ഗബ്രിയേൽ മറിയക്കു പ്രത്യക്ഷനായി അവൾ മശിഹയുടെ ഭൗതിക അമ്മയായി തീരുമെന്നും, മശിഹ വാഴുന്ന രാജ്യം നിത്യമായിരിക്കും എന്നും പറഞ്ഞു: "അവൻ വലിയവൻ ആകും, അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും, കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവന്നുകൊടുക്കും. അവൻ യാക്കൊബുഗൃഹത്തിനു എന്നേക്കും രാജാവായിരിക്കും; അവന്റെ രാജ്യത്തിനു അവസാനം ഉണ്ടാകയില്ല എന്നു പറഞ്ഞു" (ലൂക്കൊസ് 1:32, 33). തന്റെ സഭ പണിയും എന്നു കർത്താവു വാഗ്ദാനം ചെയ്തപ്പോൾ, പാതാളഗോപുരങ്ങൾ അതിനെ ജയിക്കില്ല എന്നു പറഞ്ഞു (മത്തായി 16:18). ഇളകാത്ത രാജ്യമായിട്ടാണ് ദൈവരാജ്യത്തെ എബ്രായർ 12:28 ൽ വിവരിക്കുന്നത്.

സ്വർഗ്ഗ രാജ്യത്തിലെ പൗരന്മാരായതു കൊണ്ടു, ക്രിസ്ത്യാനികൾക്കു നിത്യ ജീവൻ ഉണ്ട്. ഈ ജീവിതം *ഇപ്പോഴത്തെ അനുഭവവും ഭാവിയിലേക്കുളള പ്രതീക്ഷയുമാണ്.* യേശുവിനെ നേടുന്ന എല്ലാവർക്കും നിത്യജീവനുണ്ട്, കാരണം അവൻ നിത്യ ജീവന്റെ പ്രതീകമാകുന്നു (1 യോഹന്നാൻ 1:2). പിന്നീട് യോഹന്നാൻ എഴുതി, "സഹോദരനെ വെറുക്കുന്നവൻ എല്ലാം കൊലപാതകൻ ആകുന്നു; യാതൊരു കുലപാതകനും നിത്യജീവൻ ഉളളിൽ *വസിച്ചിരിപ്പില്ല* എന്നു നിങ്ങൾ അറിയുന്നു" (1 യോഹന്നാൻ 3:15; എംഫസിസ് മൈൻ). ഇപ്പോൾ നാം ക്രിസ്ത്യാനികളായി ജീവിക്കുമ്പോൾ അനുഭവിക്കുന്ന

നിത്യരാജ്യത്തിന്റെ സ്വഭാവ ഗുണം നിത്യതയിൽ ലഭിക്കുവാനുള്ള നിത്യ രാജ്യത്തിന്റേതാണ്.

ഒരു ശിശു അമ്മയുടെ ഉദരത്തിൽ നിന്നു ലോകത്തിലേക്കു പ്രവേശിക്കുന്നതുപോലെയാണ് നിത്യജീവങ്കലേക്കുള്ള നമ്മുടെ പ്രവേശനം. ഗർഭപാത്രത്തിലെ സാഹചര്യത്തോടെ ശിശു ജീവിതാനുഭവം തുടരുന്നു. എങ്ങനെയായാലും, അവന്റെ ജീവിതാനുഭവം പരിമിതമാണ്, ഈ ജീവിതം ആശ്വാസപ്രദമാണെങ്കിലും ദാനവും സംരക്ഷണവും ഉള്ളതാണ്. ജനനം സംഭവിക്കുമ്പോൾ, ശിശു തന്റെ അനുഭവ ജീവിതം തുടരുകയാണ്. എന്നാൽ ജീവിതം വ്യത്യസ്തവും മുഴുവനായിട്ടുള്ളതും – അവസാനിക്കാത്ത സാധ്യതയും, കൂട്ടായ്മയും, വളർച്ചയും പ്രവൃത്തിയും ഉള്ളതാണ്. ഇപ്പോൾ യേശു നമ്മുടെ ഹൃദയങ്ങളിൽ വാഴുന്നതുകൊണ്ട്, അവൻ പുതിയതും മനോഹര ഗുണമുള്ളതുമായ – ജീവിതം നല്കും; എന്നാൽ നാം ജീവിതത്തിന്റെ മറുവശത്തേക്കു കടക്കുമ്പോൾ, ഈ നിത്യജീവൻ മറ്റൊരു വ്യത്യസ്തതയിലേക്കു മുഴുവനായി മാറുന്നു – അതു സ്വർഗ്ഗീയ കൂട്ടായ്മയും, പറഞ്ഞറിയിക്കുവാൻ പറ്റാത്തതായ ശുശ്രൂഷയുമാണ്.

ക്രിസ്ത്യാനികൾ പങ്കാളികളായിരിക്കുന്ന നിത്യരാജ്യം കാലത്താലോ അല്ലെങ്കിൽ ഭൗതിക വിസ്തീർണ്ണത്താലോ ബാധിക്കുന്നതല്ല. നാം അവന്റെ വചനത്താൽ വിശ്വസ്തതയോടെ ദൈവത്തിന്റെ സുരക്ഷിതവലയിൽ ജീവിക്കുന്നേടത്തോളം, നാം നശിപ്പിക്കാൻ കഴിയാത്ത ഒരിക്കലും അവസാനിക്കാത്ത രാജ്യത്തിന്റെ ഭാഗമായിരിക്കും.

**ഉപസംഹാരം**

ക്രിസ്ത്യാനികളുടെ ഹൃദയങ്ങളിൽ ദൈവത്തിന്റെ ഭരണവും വാഴ്ച്ചയും നടത്തുമ്പോൾ, നമ്മുടെ ചട്ടക്കൂടാവുന്ന പുതിയ നിയമ സഭയാകുന്ന ദൈവരാജ്യത്തിൽ ആത്മീയമായി, നീതിയും നിത്യതയും അതിലെ പൗരന്മാരായതുകൊണ്ട് ഈ ലോകത്തിൽ ജീവിക്കാം, എന്നാൽ അവരുടെ പൗരത്വവും ഹൃദയങ്ങളും ദൈവരാജ്യത്തിന്റെ നിത്യമായ മറ്റൊരവസ്ഥയിലേക്കുള്ളതാണ് (കൊലൊസ്യർ 3:1, 2; ഫിലിപ്പിയർ 3:20).

യെഹൂദന്മാരുടെ പ്രമാണിയായിരുന്ന നിക്കൊദേമൊസ്, ഒരു രാത്രിയിൽ യേശുവിന്റെ അടുക്കൽ വന്നു, ദൈവരാജ്യത്തെക്കുറിച്ചു കൂടുതൽ അറിയുവാൻ ആഗ്രഹിച്ചു. ദൈവ രാജ്യത്തിലേക്കു പ്രവേശിക്കുന്നതു പെട്ടെന്നുള്ള മാറ്റവും രൂപാന്തരവും കൊണ്ടാണെന്നു യേശു അവനോടു പറഞ്ഞു, അതൊരു ജനനമാണെന്നു യേശു അവനോടു പറഞ്ഞു; “ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു, വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ, ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയില്ല” (യോഹന്നാൻ 3:5). ദൈവരാജ്യം ഭൂമിയിൽ തുടങ്ങിയതോടെ, പത്രൊസ് പുരുഷാരത്തോടു അവർ യേശുവിൽ വിശ്വസിച്ചപ്പോൾ, മാനസ്സാന്തരപ്പെട്ടു പാപമോചനത്തിനായി സ്നാനമേല്ക്കുവാൻ പ്രബോധിപ്പിച്ചു. (പ്രവൃത്തികൾ 2:38–41). യോഹ

ന്നാൻ 3 ൽ യേശു പറഞ്ഞതായ പുതിയജനനമാണ് പ്രവൃത്തികൾ 2-ൽ പത്രൊസ് നടത്തുവാൻ ആവശ്യപ്പെട്ടത്. ദൈവരാജ്യത്തിലേക്കു, സഭയിലേക്കുളള പ്രവേശനത്തിൽ യേശുവിലുളള വിശ്വാസവും (യോഹന്നാൻ 3:16), തിരിയലും (പ്രവൃത്തികൾ 17:30), കൂടാതെ യേശു ദൈവപുത്രനാണെന്നു സമ്മതിക്കയും (റോമർ 10:9, 10), പാപങ്ങളുടെ മോചനത്തിനായി ക്രിസ്തുവിന്റെ നാമത്തിലുള്ള സ്നാനവും ഉൾപ്പെടുന്നു (പ്രവൃത്തികൾ 2:38; 22:16).

ദൈവരാജ്യത്തിലെ പൗരത്വം ജീവിതത്തിൽ ആത്മീയ കേന്ദ്രം നല്കുന്നു, നമ്മുടെ ജീവിതത്തിലെ എല്ലാ വശങ്ങളും ദൈവ ഭരണം സ്ഥിരതയും, സഹായവും, മനസ്സിലാക്കുകയും മുഴുവനായി നല്കുകയും ചെയ്യുന്നു. ഈ വിശുദ്ധ പൗരത്വം നീതിയും, നന്മയും, സമാധാനവും നമ്മുടെ ജീവിതത്തിൽ നല്കുന്നു. ഈ താല്ക്കാലിക ജീവിതത്തിൽ, ദൈവരാജ്യം ഇന്നും നാളെയും നമുക്കു നിത്യജീവൻ പ്രദാനം ചെയ്യുന്നു.

ദൈവത്തിന്റെ നിത്യരാജ്യമായ, "സഭയിൽ" നിങ്ങൾ അംഗമാണോ?

### ചർച്ചയ്ക്കും പഠനത്തിനും ഉളള ചോദ്യങ്ങൾ

1. സഭയുടെ പല വ്യത്യസ്ത സ്വഭാവങ്ങൾ വിവരിക്കുക. ഓരോ സ്വഭാവത്തിന്റേയും പ്രത്യേകത ചുരുക്കി പറയുക.
2. സഭയെ രാജ്യമായി കാണണമെന്നു ഏതു വാക്യമാണ് പറയുന്നത്?
3. പുതിയ നിയമത്തിൽ "രാജ്യം" എന്ന വാക്ക് വ്യത്യസ്ത സന്ദർഭങ്ങളിൽ ഉപയോഗിച്ചിരിക്കുന്നു.
4. രാജ്യത്തിന്റെ ആത്മീയ സ്വഭാവം ആവശ്യപ്പെടുന്നതു സഭയെ സംബന്ധിച്ചു തീർപ്പാക്കുന്നത് എന്ത്?
5. നാം ആത്മീയ രാജ്യത്തിൽ പങ്കാളികളാണെങ്കിൽ, ഒരു പുതിയ വിലയുളള വ്യവസ്ഥ നമ്മിൽ തരുന്നു. ആ വിലയുളള വ്യവസ്ഥ വ്യക്തമാക്കുക.
6. ഏതെല്ലാം രണ്ടു തരത്തിലുളള രീതിയാണ് പുതിയ നിയമം പറയുന്നത്? അവ ഏവ?
7. ദൈവം സ്ഥാപിക്കുമെന്നു പറഞ്ഞ രാജ്യത്തിന്റെ നിത്യമായ അവസ്ഥയെ ദാനിയേൽ 2:44 വിവരിക്കുന്നുണ്ടോ?
8. ദൈവരാജ്യം ഇപ്പോഴത്തേയും, വരുവാനുളളതിന്റേയും പ്രതീക്ഷയുടെ അനുഭവമാണെന്നതു വിവരിക്കുക?
9. നിത്യ ജീവൻ ഇവിടെ എങ്ങനെ പ്രകടമാക്കിയിരിക്കുന്നു എന്നും നിത്യതയിൽ എങ്ങനെ വ്യക്തമാക്കിയിരിക്കുന്നു എന്നും വിശദമാക്കുക.
10. സ്വർഗത്തിലെ നമ്മുടെ പൗരത്വം ഇന്നുളള നമ്മുടെ ജീവിതം എന്തു സൂചനയാണ് നല്കുന്നത്?
11. ദൈവരാജ്യത്തിലേക്കുളള പ്രവേശനം എങ്ങനെ?
12. യോഹന്നാൻ 3:3, 5 പ്രവൃത്തികൾ 2:38 മായി താരതമ്യം ചെയ്യുക.

© 2009 Truth for Today